**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 97** **08-08-2023 - ൽ മറുപടിയ്ക്ക്**

**സബ് ഇൻസ്പെക്ടർ ഒഴിവുകളും എസ് എച്ച് ഒ നിയമനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഡയറക്ട് സബ് ഇൻസ്പെക്ടർമാരുടെ (ജനറൽ എക്സിക്യൂട്ടീവ്) നിലവിലെ കേഡർ സ്ട്രെങ്ത്, നിലവിലെ ഒഴിവുകൾ, പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ എന്നിവ അറിയിക്കാമോ; | (എ) | കേരള പോലീസിൽ നിലവിലെ സബ് ഇൻസ്പെക്ടർമാരുടെ അംഗീകൃത അംഗബലം 1011 ആണ്. 344 ഒഴിവുകൾ നിലവിലുള്ളത് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | 268 പോലീസ് സ്റ്റേഷനുകളിൽ ഇൻസ്പെക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥരെ എസ്.എച്ച്.ഒ. മാരായി നിയമിക്കുന്നതിനുള്ള 2018 ലെ സർക്കാർ ഉത്തരവ് പ്രകാരം എത്രപേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | 268 പോലീസ് സ്റ്റേഷനുകളിലും സ്റ്റേഷൻ ഹൗസ് ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. 29.09.2018 ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 150/2018/ആഭ്യന്തരം പ്രകാരം 268 സബ് ഇൻസ്പെക്ടർ തസ്തികകൾ അപ്ഗ്രേഡ് ചെയ്താണ് എസ്.എച്ച്.ഒ ഇൻസ്പെക്ടർ തസ്തികകൾ സൃഷ്ടിച്ചത് എന്നതിനാൽ ഇത് വഴി പുതിയ Sub Inspector ഒഴിവുകൾ ഉണ്ടാകുന്നില്ല. |
| (സി) | മേൽ സൂചിപ്പിച്ച പ്രകാരമുള്ള എസ്.എച്ച്.ഒ. നിയമനത്തിലൂടെ എത്ര ഡയറക്ട് സബ് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ ഉണ്ടായിട്ടുണ്ടെന്നും അവയിൽ എത്രയെണ്ണം പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (സി) | 268 പോലീസ് സ്റ്റേഷനുകളിലും സ്റ്റേഷൻ ഹൗസ് ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. 29.09.2018 ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 150/2018/ആഭ്യന്തരം പ്രകാരം 268 സബ് ഇൻസ്പെക്ടർ തസ്തികകൾ അപ്ഗ്രേഡ് ചെയ്താണ് എസ്.എച്ച്.ഒ ഇൻസ്പെക്ടർ തസ്തികകൾ സൃഷ്ടിച്ചത് എന്നതിനാൽ ഇത് വഴി പുതിയ Sub Inspector ഒഴിവുകൾ ഉണ്ടാകുന്നില്ല. |
| (ഡി) | വനിത സബ് ഇൻസ്പെക്ടർ തസ്തികയിൽ ആകെയുള്ള അംഗീകൃത തസ്തികകളുടെ എണ്ണവും പ്രസ്തുത തസ്തികയിൽ നിലവിലുള്ള ഡയറക്ട് സബ് ഇൻസ്പെക്ടർ | (ഡി) | കേരള പോലീസിൽ Closed കേഡറിൽ 101, നേരിട്ടുള്ള നിയമനത്തിനായി 30 എന്നിങ്ങനെ 131 വനിതാ സബ് ഇൻസ്പെക്ടർമാരുടെ അംഗീകൃത അംഗബലം ഉണ്ട്. നിലവിൽ കേരള പോലീസിൽ നേരിട്ട് നിയമനം ലഭിച്ച 72 വനിതാ സബ് ഇൻസ്പെക്ടർമാർ പ്രവർത്തിയെടുത്തു വരുന്നു. ടി തസ്തികയിൽ നേരിട്ട് നിയമനം നൽകേണ്ട വനിത സബ് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ നിലവിലില്ല. |

<table>
<tr><td></td><td>(ജനറൽ എക്സിക്യൂട്ടീവ്) ഒഴിവുകളും അറിയിക്കാമോ;</td><td></td><td></td></tr>
<tr><td>(ഇ)</td><td>കേരള പോലീസിൽ നിന്നും Bol, C.B.I, N.I.A, I.B എന്നിവയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ഡയറക്ട് സബ് ഇൻസ്പെക്ടർമാരുടെയും ഇൻസ്പെക്ടർമാരുടെയും എണ്ണം പട്ടിക തിരിച്ച് വ്യക്തമാക്കാമോ;</td><td>(ഇ)</td><td>ഇത് സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.<br><table><tr><th></th><th>ഇൻസ്പെക്ടർമാരുടെ എണ്ണം</th><th>സബ് ഇൻസ്പെക്ടർമാരുടെ എണ്ണം</th></tr><tr><td>BOI</td><td>0</td><td>31</td></tr><tr><td>CBI</td><td>2</td><td>0</td></tr><tr><td>NIA</td><td>2</td><td>3</td></tr><tr><td>IB</td><td>0</td><td>0</td></tr><tr><td>Total</td><td>4</td><td>34</td></tr></table></td></tr>
<tr><td>(എഫ്)</td><td>കേരള പോലീസിൽ നിന്നും Bol, C.B.I, N.I.A, I.B എന്നിവയിൽ 6 മാസത്തിനു മുകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചുവരുന്ന പ്രസ്തുത ഉദ്യോഗസ്ഥരുടെ ഒഴിവുകൾ കേരള പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?</td><td>(എഫ്)</td><td>നിലവിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എസ്.ഐ. (കെ.സി.പി) തസ്തികയിലെ ഉദ്യോഗസ്ഥർ BoI, CBI, NIA, IB എന്നീ വിഭാഗങ്ങളിൽ പ്രവർത്തിയെടുക്കുന്നതിന്റെ ഫലമായി ഉണ്ടായ 40 ഒഴിവുകൾ കേരള പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ